**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 15** **27/02/2017-ൽ മറുപടിക്ക്**

# അന്തരീക്ഷ മലിനീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം :<br>,, എൻ. ഷംസുദ്ദീൻ :<br>,, പി.ബി. അബ്ദുൽ റസ്സാക്ക് :<br>,, എൻ .എ.നെല്ലിക്കുന്ന് : | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ അന്തരീക്ഷ ത്തിൽ പ്രാണവായുവിന്റെ അളവിലെ വ്യതിയാനത്തെ ക്കുറിച്ച് പഠനങ്ങൾ നടന്നി ട്ടുണ്ടോ; എങ്കിൽ കണ്ടെത്ത ലുകൾ വിശദമാക്കുമോ; | (എ) | ഇല്ല.<br><br>സംസ്ഥാനത്തെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പ ത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്റ റിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർ സ്റ്റേഷനുകളിൽ (ആകെ 30) നിന്ന് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം പരിശോധിച്ചു വരുന്നു. 24 മണിക്കൂറും തുടർച്ച യായി തത്സമയ അന്തരീക്ഷ വായു ഗുണ നില വാരം പരിശോധനാ കേന്ദ്രങ്ങൾ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് സ്റ്റേഷൻ) തിരുവനന്തപുരത്തും, എറണാകുളത്തും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇവിടെ നിന്നും ലഭിക്കുന്ന വായു ഗുണ നിലവാര നിരീക്ഷണഫല ങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രദർശിപ്പി ക്കുന്നു. കൂടാതെ, കോഴിക്കോട് ജില്ലയിൽ, പാള യത്ത് ബോർഡിന്റെ ഒരു തത്സമയ അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രാണവായുവിന്റെ കുറവും കാർബൺ വാതകങ്ങളുടെ ആധിക്യവും തദ്ദേശവാസികളുടെ ആരോഗ്യത്തേയും കർമ്മശേഷിയേയും ഏതൊക്കെ തരത്തിൽ ബാധിക്കുന്നു എന്ന വിഷയം ഏതെങ്കിലും പഠനത്തിൽ ഉൾപ്പെട്ടിരുന്നോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ വിശദമായ പഠനത്തിന് സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിലെ വിദഗ്ധരടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**